നമ്പർ. ബി2/982/റ്റിസി/2003

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 03.05.2016

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — നികുതി ബാധ്യതയിൻമേൽ പോലീസ് കസ്റ്റഡിയിലായ വാഹനങ്ങളുടെ നികുതി - ബഹു.സുപ്രീംകോടതി, ബഹു. ഹൈക്കോടതി ഉത്തരവ് - (S.L.P.No.16795/2007, W.A.No.1917/2004 – Sri. K.V. Abdul Rahuman and Others) - സംബന്ധിച്ച്.

സൂചന :- ഈ ഓഫീസിൽ നിന്നുള്ള 28.09.2013-ലെ ബി2/982/റ്റിസി/2003 നമ്പർ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നികുതി അടയ്ക്കാത്തതിന്, സെക്ഷൻ 11, കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്റ്റ് 1976 പ്രകാരം പോലീസും മോട്ടോർ വാഹന വകുപ്പും പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ അവ പോലീസ് കസ്റ്റഡിയിലായിരുന്ന കാലയളവിലേയ്ക്ക് മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 5, ടാക്സേഷൻ ചട്ടത്തിലെ റൂൾ 10 എന്നിവ പ്രകാരം ജി ഫോം ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതി ഒഴിവാക്കി നൽകുവാൻ ഇതുമായി ബന്ധപ്പെട്ട ബഹു; ഹൈക്കോടതി, ബഹു; സുപ്രീം കോടതി വിധികളെ ഉദ്ധരിച്ച് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ സർക്കാർ കസ്റ്റഡിയിലിരുന്ന പ്രസ്തുത വാഹനങ്ങൾക്ക് ജി ഫോം ഫയൽ ചെയ്തിട്ടില്ലായെങ്കിലും ചില ഓഫീസുകളിൽ നികുതി ഒഴിവാക്കി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 11 പ്രകാരം പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾക്ക് അവ സർക്കാർ കസ്റ്റഡിയിലായിരുന്ന കാലയളവിൽ നികുതി ഒഴിവാക്കി ലഭിക്കുന്നതിന് ടി വാഹന ഉടമ/വാഹനം കൈവശം വച്ചിരിക്കുന്ന വ്യക്തി സെക്ഷൻ 5 റൂൾ 10 എന്നിവ പ്രകാരം മുൻകൂർ ജി ഫോം ഫയൽ ചെയ്തിരിക്കേണ്ടതാണ്. ഇത്തരത്തിൽ ജി ഫോം ഫയൽ ചെയ്തിട്ടില്ലാത്ത പക്ഷം ടി വാഹനങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുവാൻ പാടുള്ളതല്ല എന്ന് ഇതിനാൽ സ്പഷ്ടമാക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

04/5/16

സീനിയർ സൂപ്രണ്ട്

4/5/16